(ബി) ഉണ്ടെങ്കിൽ ആർക്കെല്ലാം എന്തു തുക വീതം നൽകാനുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(സി) ഇവർക്ക് പണം നൽകാനുള്ള കാലതാമസത്തിന് കാരണമെന്താണ് എന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ പണം എത്രയുംവേഗം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

1. ശ്രീ. ചെറിയാർ, പുത്തൻപറമ്പിൽ, ളാക്കൂർ, മല്ലശ്ശേരി
2. ശ്രീ. പി. എ. എം. എബ്രഹാം, പുത്തൻപറമ്പിൽ, ളാക്കൂർ, മല്ലശ്ശേരി
3. ശ്രീ. സി. ജെ. ജോഷ്വാ, ചാമക്കാലയിൽ, ളാക്കൂർ, മല്ലശ്ശേരി
4. ശ്രീ. കെ. മോഹനൻ, കൂവക്കാമണ്ണിൽ, ളാക്കൂർ, മല്ലശ്ശേരി
5. ശ്രീ. ജോൺ, പാറയാർക്കാലയിൽ, ളാക്കൂർ, മല്ലശ്ശേരി
6. ശ്രീ. കെ. ബി. മത്തായി, സായൂസദനം, ളാക്കൂർ, മല്ലശ്ശേരി
7. ശ്രീ. സാംകുട്ടി, പൂത്തമണ്ണ് പുത്തൻവീട്, മല്ലശ്ശേരി എന്നീ ഏഴ് പേർക്കാണ് 11 കെ.വി. ലൈൻ വലിക്കുന്നതിനായി മരം വെട്ടി മാറ്റിയ വകയിൽ പണം ലഭിക്കാനുള്ളത്. തർക്കമുള്ള തുക നിശ്ചയിച്ചിട്ടില്ല.

(സി) കൊട്ടാരക്കര എൽ.എ. സ്പെഷ്യൽ തഹസിൽദാരിൽ നിന്നും അംഗീകൃത വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലാത്തതിനാൽ ഓരോരുത്തർക്കും കൊടുക്കുവാനുള്ള തുക നിശ്ചയിച്ചിട്ടില്ല.

(ഡി) ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

മരട് പഞ്ചായത്തിലും ചെല്ലാനം പഞ്ചായത്തിലും 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം

34 (2312) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളുരുത്തി നിയോജകമണ്ഡലത്തിലെ മരട് പഞ്ചായത്തിലും ചെല്ലാനം പഞ്ചായത്തിലും ആരംഭിക്കുവാൻ തീരുമാനിച്ച 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം പുനരാരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്തുമോ ;

(ബി) കൊച്ചി ബൈപ്പാസ് പ്രദേശത്ത് ഉണ്ടാകുന്ന വർദ്ധിച്ച വികസന പ്രവർത്തനങ്ങൾമൂലം ഇവിടെ നിലനിൽക്കുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ മരട് പഞ്ചായത്തിൽ പുതിയ സബ്സ്റ്റേഷന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ചെല്ലാനം 110 കെ.വി. സബ്സ്റ്റേഷനുവേണ്ടി ട്രാൻസ്ഫോർമർ അടക്കമുള്ള യന്ത്രസാമഗ്രികൾ ബോർഡ് വാങ്ങിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പള്ളുരുത്തി നിയോജകമണ്ഡലത്തിലെ മരട് പഞ്ചായത്തിൽ ഒരു 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടികൾ ഇതുവരെ ആയിട്ടില്ല. ചെല്ലാനം 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ചെല്ലാനം സബ്സ്റ്റേഷനാവശ്യമുള്ള ട്രാൻസ്ഫോർമർ വാങ്ങിയെങ്കിലും പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാകാത്ത സാഹചര്യത്തിൽ ഇത് അമ്പലപ്പുറം 110 കെ.വി. സബ്സ്റ്റേഷന് മാറ്റി അനുവദിക്കുകയുണ്ടായി.

33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള നടപടികൾ

35 (2313) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ കല്ലൂർക്കാട് 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള നടപടികൾ ഏത് ഘട്ടംവരെയായി എന്ന് വ്യക്തമാക്കാമോ ;

(ബി) ഇവിടെ 400 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുവാനുള്ള നിർദ്ദേശം സർക്കാർ പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ ഇതിന്റെ പുരോഗതി എന്തെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) മൂവാറ്റുപ്പുഴ നിയോജകമണ്ഡലത്തിലെ കല്ലൂർക്കാട് 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം ടേൺ കീ വ്യവസ്ഥയിൽ എ.ആർ.എ. ലിമിറ്റഡ് എന്ന കമ്പനിയെ ഏൽപ്പിച്ചിരുന്നു. എന്നാൽ വർക്ക് തുടങ്ങാനോ, എഗ്രിമെന്റ് വെയ്ക്കാനോ കമ്പനി തയ്യാറാകാത്ത സാഹചര്യത്തിൽ പ്രസ്തുത കമ്പനിയുമായുള്ള കരാർ റദ്ദുചെയ്തു. കല്ലൂർക്കാടും പോത്താനിക്കാടും 33 കെ.വി. സബ്സ്റ്റേഷനുകൾ നിർമ്മിക്കുന്നതിന് പകരമായി പോത്താനിക്കാട് ഒരു 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനും, മഴുവന്നൂരിൽ നിന്ന് കല്ലൂർക്കാടിലേക്ക് രണ്ട് 11 കെ.വി. ഫീഡറുകൾ സ്ഥാപിക്കുന്നതിനുമുള്ള പുതിയ നിർദ്ദേശം ബോർഡിന്റെ പരിഗണനയിലുണ്ട്.

(ബി&സി) കേന്ദ്രസർക്കാർ സ്ഥാപനമായ പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യാ ലിമിറ്റഡ് നിർമ്മിക്കുന്ന 400 കെ.വി. പവർ ഹൈവേയുടെ ഭാഗമായ 400 കെ.വി. സബ്സ്റ്റേഷനുവേണ്ടി പരിശോധിക്കുന്ന സ്ഥലങ്ങളിൽ ഈ പ്രദേശവും പരിഗണിക്കുന്നതായി അറിയുന്നു. ഇക്കാര്യത്തിൽ ബോർഡ് തീരുമാനമെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly